Deshabhimani 19.01.18

# തൃശൂർ പുഷ്പോത്സവം നാളെ തുടങ്ങും

**തൃശൂർ >** തൃശൂർ അഗ്രി- ഹോർട്ടികൾച്ചറൽ സൊസൈറ്റിയുടെ 40-ാമത് തൃശൂർ പുഷ്പോത്സവം ശനിയാഴ്ച മുതൽ 28 വരെ തേക്കിൻകാട് മൈതാനത്ത് നടത്തുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

പുഷ്പ- ഫല-സസ്യ പ്രദർശനത്തിൽ നൂറിലേറെ അന്താരാഷ്ട്ര നിലവാരമുള്ള ഓർക്കിഡുകളും ഇരുനൂറോളം ഔഷധ സസ്യങ്ങളും സെന്റ് മേരീസ് കോളേജ് ബോട്ടണി വിഭാഗം ഒരുക്കും. വിവിധ തരത്തിലുള്ള 150-ലേറെ പൂച്ചെടികൾ പ്രദർശനത്തിലുണ്ടാവും. കാർഷിക സർവകലാശാലയുടെ 12 പ്രദർശന സ്റ്റാളും കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവകലാശാലയുടെ വിവിധ തരം കോഴികൾ, കൃഷിവകുപ്പിന്റെ വിവിധയിനം കാർഷിക ഉൽപ്പന്നങ്ങൾ അടങ്ങുന്ന പവലിയൻ, ജില്ലാ കുടുംബശ്രീ മിഷന്റെ ആറ് ഗ്രൂപ്പുകൾ ചേർന്നൊരുക്കുന്ന ഭക്ഷ്യമേള എന്നിവയും ഉണ്ടാവും.

വിവിധ മത്സരങ്ങളും നടക്കും. ശനിയാഴ്ച രാവിലെ മുതൽ പ്രദർശനം ആരംഭിക്കും. രാത്രി എട്ടിന് മന്ത്രി വി എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്യും.

കെ രാധാകൃഷ്ണൻ, രാമചന്ദ്രൻ പെരുമ്പിടി, സെബി ഇരിമ്പൻ, വിനോദ് കുറുവത്ത്, പി മുഹമ്മദ് ബാബു എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.